# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1672 — 04.12.2018-ൽ മറുപടിക്ക്

### നഗരസഭകളുടെ വരുമാനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി. ദിവാകരൻ<br>,, ആർ. രാമചന്ദ്രൻ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) | |
| എ) | നഗരസഭകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ; | എ) | നഗരസഭയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 2013-14 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണം നടന്നുവരുന്നു. നികുതിയേതര വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി നഗരസഭകൾ പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ഫീസ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, കുടിശ്ശികയായി കിടക്കുന്ന നികുതികളും/ നികുതിയേതര വരുമാനങ്ങളും (വാടക, ലേലം തുടങ്ങിയവ) സമയബന്ധിതമായി പിരിച്ചെടുക്കുന്നതിനും നഗരസഭാതലത്തിൽ നടപടി സ്വീകരിച്ചുവരുന്നു. |
| ബി) | കെട്ടിട നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നത് കച്ചവടസ്ഥാപനങ്ങളാണോ അതോ വീട്ടുടമസ്ഥരാണോയെന്ന് വ്യക്തമാക്കുമോ; | ബി) | കെട്ടിട നികുതി അടയ്ക്കുന്നതിൽ കച്ചവടസ്ഥാപനങ്ങളും, വീട്ടുടമസ്ഥരും കുടിശ്ശിക വരുത്തുന്നുണ്ട്. |
| സി) | കെട്ടിട നികുതി കുടിശ്ശിക വരുത്തിയ വൻകിടക്കാരുടെ പേരുകൾ വെളിപ്പെടുത്തുമോ; വ്യക്തമാക്കുമോ; | സി) | വിവരം ശേഖരിച്ചു വരുന്നു. |
| ഡി) | കോടതി നടപടികളിൽ കുടുങ്ങിക്കിടക്കുന്ന കേസുകളിൽ അദാലത്തുകൾ നടത്തി കുടിശ്ശിക പിരിച്ചെടുക്കുമോ; വ്യക്തമാക്കുമോ? | ഡി) | കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങളിൽ കോടതി വിധി വന്നശേഷം ആയതിന് വിധേയമായി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ